**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3665** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഇറച്ചിക്കോഴി, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആവശ്യമുള്ള ഏറിയ പങ്ക് കോഴിയിറച്ചി, മുട്ട എന്നിവയ്ക്ക് വേണ്ടി അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം മൂലം കോഴിയിറച്ചി, കോഴിക്കുഞ്ഞുങ്ങൾ, തീറ്റ എന്നിവയ്ക്ക് നീതീകരിക്കാനാകാത്ത തോതിൽ വില വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>ഇറച്ചി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കേരളചിക്കൻ പദ്ധതിയും, മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണവകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നേഴ്സറി മുഖേന വളർത്തി സർക്കാരിന്റെ തന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനെയും, ഡിപ്പാർട്ട്മെന്റ് മുഖേനെയും സർക്കാർ നിരക്കിൽ വിതരണം നടത്തുന്നു. സർക്കാർ തലത്തിൽ കെ.എസ്.പി.ഡി.സി വെറ്ററിനറി യൂണിവേഴ്സിറ്റി, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ തീറ്റ ഉല്പാദിപ്പിക്കുന്നത് കൊണ്ട് ഒരു പരിധിവരെ തീറ്റ വില നിയന്ത്രിക്കാൻ സാധിക്കും. |
| (ബി) | ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതുതായി നൂറ് കോഴിയും കൂട്ടും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത പദ്ധതി വ്യാപകമാക്കി കോഴിമുട്ട, കോഴിയിറച്ചി എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; | (ബി) | ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് മുഖേന 100 കോഴിയും, കൂട്ടും നൽകുന്ന പദ്ധതി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്കുകളിലെ ഓരോ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിൽപ്പെട്ട 5 വീതം ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഗുണഭോക്തൃ വിഹിതമായി 5000/- രൂപ ഓരോ ഗുണഭോക്താവും അടയ്ക്കണം. |
| (സി) | ഗുണമേന്മയുള്ള ബ്രോയിലർ, മുട്ടക്കോഴി കുഞ്ഞുങ്ങൾ, കോഴിത്തീറ്റ എന്നിവ ആവശ്യാനുസരണം ന്യായവിലയ്ക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഇടപെടൽ സാധ്യമാണോ; നിലവിൽ | (സി) | സാധ്യമാണ്. ഹാച്ചറികളിലെ ഉത്പാദനശേഷി വർദ്ധിപ്പിക്കാൻ സാധിക്കും. പേരന്റ്സ്റ്റോക്ക് എണ്ണം വർദ്ധിപ്പിച്ച് അതുവഴി മുട്ട അധികമായി ഉത്പാദിപ്പിച്ച് കോഴികുഞ്ഞുങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഗുണമേന്മയുള്ള ഇറച്ചിക്കോഴി / |

| | | | |
|---|---|---|---|
| | ഹാച്ചറികളിലെ ഉല്പാദനശേഷി വര്‍ദ്ധിപ്പിക്കാന്‍ കഴിയുമോ; വിശദമാക്കുമോ? | | മുട്ടക്കോഴിക്കുഞ്ഞുങ്ങള്‍ എന്നിവ മിതമായ നിരക്കില്‍ കര്‍ഷകര്‍ക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാന പൗള്‍ട്രി വികസന കോര്‍പ്പറേഷന്‍ (കെപ്കോ) പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കെപ്കോയുടെ കീഴില്‍ കൊട്ടിയത്ത് പ്രവര്‍ത്തിക്കുന്ന മുട്ടക്കോഴി വളര്‍ത്തല്‍ കേന്ദ്രത്തില്‍ ഉല്‍പ്പാദിപ്പിക്കുന്ന ഗ്രാമശ്രീ, ഇനത്തില്‍പ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉല്‍പ്പാദിപ്പിച്ച് കര്‍ഷകര്‍ക്ക് ലഭ്യമാക്കുന്നു.<br><br>മുട്ടക്കോഴികളില്‍ മികച്ച ഇനമായ ബി.വി-380 ഇനത്തില്‍പ്പെട്ട കോഴികളെ മാള യൂണിറ്റില്‍ വാണിജ്യാടിസ്ഥാനത്തില്‍ ഉല്‍പപാദിപ്പിച്ച് കര്‍ഷകര്‍ക്ക് വിതരണം ചെയ്തു വരുന്നു. ഒരു വര്‍ഷം ഏകദേശം 300 മുട്ടകള്‍വരെ നല്‍കാന്‍ കഴിയുന്നതാണ്. ബി.വി-380 ഇനത്തില്‍പ്പെട്ട കോഴികള്‍. കെപ്കോ നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെയും മേല്‍പ്പറഞ്ഞ രണ്ട് വിഭാഗത്തില്‍പ്പെട്ട കോഴികളെ സംസ്ഥാനത്തി ലൊട്ടാകെ ലഭ്യമാക്കുന്നു. സംസ്ഥാന പൗള്‍ട്രി വികസന കോര്‍പ്പറേഷന്റെ കീഴില്‍ തിരുവനന്തപുരം, കുടപ്പനക്കുന്നില്‍ പ്രവര്‍ത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തില്‍ ഉല്‍പ്പാദിപ്പിക്കുന്ന മേല്‍ത്തരം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമായ കര്‍ഷകര്‍ക്ക് വിതരണം ചെയ്യുന്നതിന് പുറമേ കോണ്‍ട്രാക്ട്, കുടുംബശ്രീ കോഴിവളര്‍ത്തല്‍ യൂണിറ്റുകള്‍ക്കും നല്‍കി വരുന്നു. ഒരു വര്‍ഷം ഏകദേശം 13 ലക്ഷം ഇറച്ചിക്കോഴി ക്കുഞ്ഞുങ്ങളെയാണ് ഇവിടെ ഉല്‍പ്പാദിപ്പിക്കുന്നത്. കുടപ്പനക്കുന്ന് ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തില്‍ പുതിയ രണ്ട് ഷെഡ്ഡുകള്‍ കൂടി നിര്‍മ്മിക്കാനുള്ള നടപടികള്‍ പുരോഗമിക്കുന്നു. ഇവയുടെ നിര്‍മ്മാണം പൂര്‍ത്തിയാകുമ്പോള്‍ മാതൃ-പിതൃ ശേഖരത്തില്‍പ്പെട്ട ഇറച്ചിക്കോഴികളെ വളര്‍ത്തി കൂടുതല്‍ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉല്‍പ്പാദിപ്പിക്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍

# അനുബന്ധം

## 2022-23 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുള്ള പദ്ധതി തുകയുടെ വിവരങ്ങൾ

| State Plan Scheme 2022-23 | | |
|---|---|---|
| SL No | **പദ്ധതിയുടെ പേര്** | **തുക ലക്ഷത്തിൽ** |
| 1 | മൃഗാശുപത്രികളുടെ വികസനവും പുനസംഘടനയും | 3000 |
| 2 | ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ് | 250 |
| 3 | രാത്രി കാല അടിയന്തിര വെറ്ററിനറി സേവനം | 980 |
| 4 | വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 880 |
| 5 | വകുപ്പിന് കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും | 1650 |
| 6 | കന്നുകാലി വികസന പദ്ധതി (കന്നുകുട്ടി പരിപാലന പരിപാടി) | 1000 |
| 7 | ഗോവർദ്ധിനി | 4000 |
| 8 | അനിമൽ റിസോഴ്സ്  ഡവലപ്മെന്റ് | 700 |
| 9 | ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട് | 300 |
| 10 | സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി) | 600 |
| 11 | വികസനവും പരിശീലനവും | 675 |
| 12 | സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും | 250 |
| 13 | സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള ധനസഹായം | 750 |
| 14 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്കുള്ള ധനസഹായം | 450 |
| 15 | കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം | 1000 |
| 16 | കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിനുള്ള സഹായം | 1913.98 |
| 17 | പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള RIDF സഹായം-MPI | 3500 |
| 18 | താറാവ് കർഷകർക്ക് പകർച്ചവ്യാധി ഇൻഷ്വറൻസ് | 0.01 |
| | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | |
| 19 | കന്നുകാലി ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവും | 1660 |
| 20 | ദേശീയകന്നുകാലി മിഷൻ | 3787 |
| 21 | കന്നുകാലിസെൻസസ് | 1 |
| 22 | മൃഗസംരക്ഷണ സ്ഥിതിവിവരകണക്കും സാമ്പിൾ സർവ്വെയും | 300 |

| **പൊതുമരാമത്ത് വകുപ്പ് വഴി നിർമ്മാണ പ്രവർത്തനങ്ങൾ** | | |
|---|---|---|
| 23 | വികസനവും പരിശീലനവും | 50 |
| 24 | മൃഗചികിൽസ സേവനവും മൃഗാരോഗ്യവും | 300 |
| 25 | ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ് | 50 |
| 26 | വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 20 |
| 27 | വകുപ്പിന് കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും | 300 |
| 28 | കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിലെ നിർമ്മാണ പ്രവർത്തനങ്ങൾ | 433 |
| 29 | പുതിയ താറാവ് ഹാച്ചറിയുടെ നിർമ്മാണം | 0.01 |
| 30 | RIDF ന് കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കൽ | 100 |
| | **ആകെ തുക** | **28900** |

സെക്ഷൻ ഓഫീസർ